**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 114** **10-10-2024 - ൽ മറുപടിയ്ക്ക്**

**ഭൂമി തരംമാറ്റുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി സി. കെ. ആശ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | അർഹരായ ജനങ്ങൾക്ക് അവരുടെ ജീവിതാവശ്യങ്ങൾക്കുവേണ്ടി നിയമപരമായി ഭൂമി തരം മാറ്റുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (എ) | കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ഡേറ്റാ ബാങ്കിൽ ഉൾപ്പെടാത്തതും റവന്യൂ രേഖകളിൽ നിലം എന്ന് രേഖപ്പെടുത്തിയതുമായ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി തരം മാറ്റുന്നതിന് ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർക്ക് നിശ്ചിത ഫോറത്തിൽ അപേക്ഷ നല്കാവുന്നതാണ്. ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള വിവിധ ഫോറങ്ങളിലാണ് ഇപ്രകാരം അപേക്ഷ സമർപ്പിക്കേണ്ടത്. 50 സെന്റ് വരെ വിസ്തൃതിയുള്ള ഭൂമി തരം മാറ്റുന്നതിന് ഫോറം-6 ലും, 50 സെന്റിന് മുകളിൽ വിസ്തൃതിയുള്ള ഭൂമി തരം മാറ്റുന്നതിന് ഫോറം-7 ലുമാണ് അപേക്ഷ നല്കേണ്ടത്. അപേക്ഷ അനുവദിക്കുന്ന പക്ഷം നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള നിരക്കിൽ ഫീസ് നൽകുവാൻ അപേക്ഷകൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്. ഇതു കൂടാതെ ഡേറ്റാബാങ്കിൽ നിന്നും ഒഴിവാക്കാനുള്ള അപേക്ഷകൾ ഫോറം 5 -ൽ നൽകാവുന്നതാണ്. 2017 ഡിസംബർ 30-ാം തീയതി പ്രാബല്യത്തിൽ 25 സെന്റിൽ അധികരിക്കാതെയുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയ്ക്ക് സൗജന്യ നിരക്കിലുള്ള തരം മാറ്റം അനുവദനീയമാണ്. 1 ഏക്കർ വരെ വിസ്തൃതിയുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയ്ക്ക് തൊട്ടടുത്ത പുരയിടത്തിന്റെ ന്യായവിലയുടെ 10 % നിരക്കിലും 1 ഏക്കറിനു മുകളിൽ വിസ്തൃതിയുള്ള ഭൂമിയ്ക്ക് തൊട്ടടുത്ത പുരയിടത്തിന്റെ ന്യായവിലയുടെ 20 % നിരക്കിലുമാണ് തരം മാറ്റ ഫീസായി അടവാക്കേണ്ടുന്നത്.<br><br>1967 ജൂലൈ 4-ന് മുമ്പ് നികത്തിയതോ നികന്നതോ ആയ ഭൂമിയുടെ റവന്യൂ രേഖകളിൽ തരം മാറ്റുന്നതിനുള്ള അപേക്ഷ, ഫോറം -9 ലാണ് |

| | | | |
|---|---|---|---|
| | | | (ഫീസടക്കാതെ തരം മാറ്റുന്നത്) സമർപ്പിക്കേണ്ടത്. പ്രസ്തുത ഭൂമി 1967 ജൂലൈ 4-ന് മുമ്പ് നികത്തിയതോ നികന്നതോ ആണെന്ന് തെളിയിക്കുന്നതിനായി ചട്ടത്തിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള രേഖകൾ ഹാജരാക്കേണ്ടതാണ്. അപേക്ഷകൾ പൊതു ജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമായതും സുതാര്യമായതുമായ നടപടികളിലൂടെ തരം മാറ്റത്തിനായുള്ള അപേക്ഷകൾ നൽകുന്നതിനായി, നിലവിൽ, റവന്യൂ പോർട്ടൽ മുഖേന ഓൺലൈനായാണ് മേൽ പ്രകാരമുള്ള അപേക്ഷകൾ എല്ലാം തന്നെ സ്വീകരിച്ചു വരുന്നത്.<br><br>ഇപ്രകാരം ലഭിക്കുന്ന അപേക്ഷകളിന്മേൽ വില്ലേജ് ഓഫീസർ /കൃഷി ഓഫീസർ മുഖാന്തിരം അന്വേഷണം നടത്തിയും, ആവശ്യമെങ്കിൽ സർക്കാർ ഏജൻസികൾ സൂക്ഷിക്കുന്ന ഉപഗ്രഹ ചിത്രങ്ങൾ പരിശോധിച്ചും നേരിട്ട് സ്ഥല പരിശോധന നടത്തിയും റവന്യൂ ഡിവിഷണൽ ആഫീസർ ഉത്തരവ് പുറപ്പെടുവിക്കുന്നു. തരം മാറ്റം അനുവദിച്ച് ഉത്തരവായാൽ ഭൂരേഖാ തഹസിൽദാർ തുടർനടപടി സ്വീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും, തുടർന്ന്, ബന്ധപ്പെട്ട വില്ലേജ് ഓഫീസർ സ്വഭാവ വ്യതിയാനം വരുത്തിയ ഭൂമി സംബന്ധിച്ച് തണ്ടപ്പേരിലും സപ്ലിമെന്ററി ബി.ടി.ആർ-ലും ആവശ്യമായ രേഖപ്പെടുത്തൽ വരുത്തുകയും ചെയ്യുന്നു. |
| (ബി) | സംസ്ഥാനത്ത് നെൽകൃഷി നടത്തിയിരുന്നതും അതിന് അനുയോജ്യമായതുമായ നിലങ്ങൾ മണ്ണിട്ട് നികത്തുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നു വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരാതി ലഭിച്ചാൽ ബന്ധപ്പെട്ട റവന്യൂ ഉദ്യോഗസ്ഥർ/കൃഷി ഓഫീസർ മുഖേന അന്വേഷണം നടത്തി അനധികൃതമായി നികത്തപ്പെട്ടതാണോയെന്ന് പരിശോധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം സെക്ഷൻ 13 പ്രകാരം ഭൂവുടമകളേയും മറ്റു ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും നേരിൽ കേൾക്കുകയും ആവശ്യമായ പരിശോധന നടത്തി അനധികൃതമായി നികത്തപ്പെട്ടതാണെന്ന് ബോധ്യപ്പെടുന്ന പക്ഷം ടി ഭൂമി പൂർവ്വസ്ഥിതിയിലാക്കാൻ ജില്ലാ കളക്ടർമാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.<br><br>അനധികൃതമായി നികത്തിയ ഭൂമി പൂർവ്വസ്ഥിതിയിലാക്കുന്നതുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് തന്നെ മണ്ണ് മാറ്റി നിലം പൂർവ്വസ്ഥിതിയിലാക്കുകയും പിന്നീട് ആരാണ് ഭൂമി നികത്തിയത് അവരിൽ നിന്ന് റവന്യൂ റിക്കവറി നടപടികളിലൂടെ ആ തുക തിരിച്ചു പിടിക്കുകയും ചെയ്യുവാൻ നിയമത്തിൽ വ്യവസ്ഥയുള്ളതാണ്. |

| | | | |
|---|---|---|---|
| | | | ഇതനുസരിച്ച് പൂർവ്വസ്ഥിതിയിലാക്കേണ്ടുന്ന സ്ഥലങ്ങളും അതിനു വരുന്ന ചിലവുകളും സംബന്ധിച്ച വിശദാംശങ്ങൾ ജില്ലാ കളക്ടർമാർ നൽകിയിട്ടുണ്ട്. ഇപ്രകാരം നിലം പൂർവ്വസ്ഥിതിയിലാക്കേണ്ടുന്ന ആവശ്യത്തി ലേക്കായി, 2024-25-ലെ ബഡ്ജറ്റിൽ, 2 കോടി രൂപ റിവോൾവിങ് ഫണ്ട് അനുവദിച്ചിട്ടുള്ളതാണ് |
| (സി) | നിയമപരമായി ഭൂമി തരം മാറ്റി കിട്ടുന്നതിന് അർഹതയുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (സി) | ഭൂമി തരംമാറ്റത്തിനായി നിലവിലുള്ളതും തീർപ്പകൽപ്പിക്കാനിരിക്കുന്നതും തുടർന്നും ലഭിക്കുന്നതുമായ അപേക്ഷകളുടെ തീർപ്പാക്കൽ ചുമതലകൾക്കായി, 2023-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമത്തിന്റെ അടിസ്ഥാനത്തിൽ, റവന്യൂ ഡിവിഷണൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുള്ളതായ അധികാരങ്ങൾ വിനിയോഗിക്കുന്നതിന് സംസ്ഥാനത്തെ വിവിധ താലൂക്കുകളിൽ ഡെപ്യൂട്ടി കളക്ടർമാരെ നിയോഗിച്ചു കൊണ്ട്, 27-06-2024-ലെ സ.ഉ.(അച്ചടി) നം.140/2024/RD, 28-06-2024-ലെ സ.ഉ.(അച്ചടി)നം.142/2024/RD ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. അതനുസരിച്ച് 01.07.2024 മുതൽ സംസ്ഥാനത്തെ 27 റവന്യൂ ഡിവിഷണൽ ഓഫീസർമാർ ചെയ്തുവന്നിരുന്ന തരം മാറ്റ നടപടികൾ താലൂക്ക് അടിസ്ഥാനത്തിൽ വീതിച്ച് മറ്റ് 44 ഡെപ്യൂട്ടി കളക്ടർമാർക്കു കൂടി നല്കിയിട്ടുള്ളതാണ്. നിലവിൽ 27 ഉദ്യോഗസ്ഥർ നിലവിൽ ചെയ്തിരുന്ന തരംമാറ്റ നടപടികൾ 71 ഉദ്യോഗസ്ഥരിലേക്ക് മാറി. ആയത് തരം മാറ്റ അപേക്ഷകൾ കുറച്ചുകൂടി വേഗത്തിൽ തീർപ്പാക്കുന്നതിനും പരാതികൾ കുറയ്ക്കുന്നതിനും സഹായകരമാകുന്നതാണ്.<br><br>കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ഭൂമി തരംമാറ്റ അപേക്ഷകളിലെ, സബ് ഡിവിഷൻ ആവശ്യമില്ലാത്ത കേസുകളിൽ, ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ആഫീസറുടെ നടപടിക്രമം, തഹസിൽദാർ എൻഡോഴ്സ് ചെയ്ത്, വില്ലേജ് ഓഫീസർക്ക് 48 മണിക്കൂറിനകം നൽകി, റവന്യൂ രേഖകളിൽ തരംമാറ്റം വരുത്തേണ്ടതാണെന്നും, സബ് ഡിവിഷൻ ആവശ്യമായിട്ടുള്ള കേസുകളിൽ ഒരാഴ്ചയ്ക്കകം സർവ്വേ നടത്താൻ പറ്റാത്ത താലൂക്കുകളിലെല്ലാം തന്നെ, സബ് ഡിവിഷൻ നമ്പർ ReLIS മുഖേനയുണ്ടാക്കി, റവന്യൂ രേഖകളിൽ മാറ്റം വരുത്തി കരം ഒടുക്കി നൽകേണ്ടതാണെന്നും 05.08.2023-ലെ സ.ഉ.(സാധാ)നം.2886/2023/RD നമ്പർ ഉത്തരവിലൂടെ നിർദേശം നല്കിയിട്ടുള്ളതാണ്. കൂടാതെ, 27 (സി) പ്രകാരം താലൂക്ക് ഓഫീസിലും |

| | | | |
|---|---|---|---|
| | | | വില്ലേജ് ഓഫീസിലും ഭൂരേഖകളിൽ മാറ്റം വരുത്തുമ്പോൾ സ്വീകരിക്കേണ്ട നടപടികൾ ലഘൂകരിക്കുന്നതിനായി, ഈ ഉത്തരവിലെ നിർദ്ദേശ പ്രകാരം, ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രോസീജിയർ (SOP) തയ്യാറാക്കി നടപ്പാക്കി വരുന്നു.<br><br>സംസ്ഥാനത്തെ 27 റവന്യൂ ഡിവിഷണൽ ഓഫീസുകളിലായി ലഭിച്ച 25 സെന്റ് വരെ വിസ്തീർണ്ണമുള്ളതും സൗജന്യ തരംമാറ്റത്തിന് അർഹമായ ഫോറം 6 ഓൺലൈൻ അപേക്ഷകൾ അതിവേഗം തീർപ്പാക്കുന്നതിന്റെ ഭാഗമായി 15.01.2024 മുതൽ 17.02.2024 വരെ അദാലത്തുകൾ സംഘടിപ്പിച്ചിരുന്നു. കൂടാതെ, 25 സെന്റിൽ കുറവുള്ള, ഫോറം 5 അപേക്ഷകളും സൗജന്യ തരം മാറ്റത്തിനർഹതയുള്ള അപേക്ഷകളും, വേഗത്തിൽ തീർപ്പാക്കുന്നതിനായി 25.10.2024 മുതൽ 15.11.2024 വരെ താലൂക്ക് തലത്തിൽ അദാലത്തുകൾ നടത്തുവാൻ തീരുമാനിച്ചിട്ടുള്ളതാണ്.<br><br>മാത്രമല്ല, മന്ത്രി തലത്തിലും/പ്രിൻസിപ്പൽ സെക്രട്ടറി തലത്തിലും/ ലാൻഡ് റവന്യൂ കമ്മീഷണർ തലത്തിലും കൃത്യമായ ഇടവേളകളിൽ യോഗം നടത്തുകയും ഭൂമി തരംമാറ്റ അപേക്ഷകളുടെ തീർപ്പാക്കൽ പുരോഗതി വിലയിരുത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദേശം നൽകുകയും ചെയ്തു വരുന്നുണ്ട്. |
| (ഡി) | സാധാരണക്കാർക്ക് വീട് നിർമ്മിക്കുന്നതിനായി ഡാറ്റാബാങ്കിൽ ഉൾപ്പെടാത്ത പത്തുസെന്റ് വരെയുള്ള ഭൂമി തരം മാറ്റുന്നതിന് അനുമതി ആവശ്യമുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | പരമാവധി 4.04 ആർ വിസ്തൃതിയിലുള്ള ഭൂമിയിൽ (10 സെന്റ്) 120 ചതുരശ്രമീറ്റർ വിസ്തീർണ്ണമുള്ള ഒരു വീട് നിർമ്മിക്കുന്നതിനായി കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 27എ പ്രകാരമുള്ള യാതൊരു അനുമതിയും ആവശ്യമില്ലാത്തതാണ്. എന്നാൽ, ഇപ്രകാരം ഇളവ് ലഭിക്കുന്ന ഭൂമിക്ക് റവന്യൂ രേഖകളിൽ തരം മാറ്റം വരുത്തേണ്ടതുണ്ടെങ്കിൽ അപേക്ഷകൻ നിശ്ചിത ഫോറത്തിൽ അപേക്ഷ നല്കേണ്ടതാണ്. 30.12.2017-ന് 25 സെന്റിൽ അധികരിച്ച വിസ്തീർണ്ണമുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ ഭാഗമാണ് പ്രസ്തുത ഭൂമിയെങ്കിൽ, ഭൂമി തരം മാറ്റത്തിനായി നിയമാനുസൃത ഫീസടക്കാൻ അപേക്ഷകൻ ബാദ്ധ്യസ്ഥനാണ്.<br><br>ഇക്കാര്യം സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും ലഭിച്ച നിവേദനങ്ങൾ കണക്കിലെടുത്ത്, ഈ വിഷയത്തിന്മേൽ 19.09.2022-ലെ REV-P1/240/2022-REV നമ്പർ സർക്കുലറിലൂടെ പൊതു നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

റവന്യൂ വകുപ്പ് - കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് റവന്യൂ ഡിവിഷണൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുള്ളതായ അധികാരങ്ങൾ വിനിയോഗിക്കുന്നതിന് സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിൽ ഡെപ്യൂട്ടി കളക്ടർമാരെ നിയോഗിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (പി) വകുപ്പ്**

സ.ഉ.(അച്ചടി) നം.140/2024/RD          തീയതി,തിരുവനന്തപുരം, 27-06-2024

---

പരാമർശം:- 1. 2023-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം.

2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 12.06.2024, 20.06.2024 തീയതികളിലെ LR/2207/2022-LR(A4) നം. റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

2008-ലെ കേരള നെൽവയൽ- തണ്ണീർത്തട സംരക്ഷണ നിയമത്തിനും അനുബന്ധ ചട്ടങ്ങൾക്കും കീഴിൽ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്ക് നിർണ്ണയിച്ചിട്ടുള്ളതും അപ്രകാരം അവരെ ചുമതലപ്പെടുത്തിയിട്ടുള്ളതുമായ അധികാരങ്ങൾ പൂർണ്ണമായോ ഭാഗികമായോ വിനിയോഗിക്കുന്നതിന്, ഇതിലേക്ക് സർക്കാർ പ്രത്യേകം ചുമതലപ്പെടുത്തുന്ന സംഗതിയിൽ, ഡെപ്യൂട്ടി കളക്ടർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥന്മാർക്ക് അധികാരം നൽകി നിയോഗിക്കുവാൻ സർക്കാർ തീരുമാനിക്കുകയും പ്രസ്തുത ഉദ്ദേശ ലക്ഷ്യം നിറവേറ്റുന്നതിനായി, 'റവന്യൂ ഡിവിഷണൽ ആഫീസർ' എന്നതിന്, വകുപ്പ് 2 (xvഎ) ആയി ചുവടെ ചേർത്ത നിർവ്വചനം നൽകിക്കൊണ്ട്, പരാമർശം (1) പ്രകാരമുള്ള 2023-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം വിജ്ഞാപനം ചെയ്തിട്ടുള്ളതുമാണ്.

"റവന്യൂ ഡിവിഷണൽ ഓഫീസർ" എന്നാൽ സർക്കാർ റവന്യൂ ഡിവിഷണൽ ഓഫീസർമാരായി നിയമിക്കുന്ന ഉദ്യോഗസ്ഥർ എന്നർത്ഥമാകുന്നതും അതിൽ ഈ ആക്റ്റ് പ്രകാരമുള്ള ഏതെങ്കിലുമോ എല്ലാമോ അധികാരങ്ങൾ വിനിയോഗിക്കുന്നതിന് സർക്കാർ പൊതുവായോ പ്രത്യേകമായോ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തുന്ന ഡെപ്യൂട്ടി കളക്ടറുടെ പദവിയിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥരും ഉൾപ്പെടുന്നതുമാണ്."

2 . മേൽ പ്രകാരമുള്ള നിയമ ഭേദഗതിയുടെ അടിസ്ഥാനത്തിൽ, ഭൂമി തരംമാറ്റത്തിനായി നിലവിലുള്ളതും തീർപ്പുകൽപ്പിക്കാനിരിക്കുന്നതും തുടർന്നും ലഭിക്കുന്നതുമായ അപേക്ഷകളുടെ തീർപ്പാക്കൽ ചുമതലകൾക്കായി, സംസ്ഥാനത്തെ വിവിധ താലൂക്കുകളിൽ, പരാമർശം (2)-ലെ പട്ടിക പ്രകാരം ഡെപ്യൂട്ടി കളക്ടർമാരെ നിയോഗിച്ചു കൊണ്ട്

ഉത്തരവാകണമെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ ശിപാർശ ചെയ്തിട്ടുള്ളതാണ്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2008 – ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 2 ഉപവകുപ്പ് (xv എ) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച്, കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ഭൂമി തരംമാറ്റത്തിനായി നിലവിലുള്ളതും തീർപ്പുകൽപ്പിക്കാനിരിക്കുന്നതും തുടർന്നും ലഭിക്കുന്നതുമായ അപേക്ഷകളുടെ തീർപ്പാക്കൽ ചുമതലകൾക്കായി, സംസ്ഥാനത്തെ വിവിധ താലൂക്കുകളിൽ ചുവടെ ചേർത്ത പട്ടിക പ്രകാരം ഡെപ്യൂട്ടി കളക്ടർമാരെ നിയോഗിച്ചു കൊണ്ട് ഉത്തരവാകുന്നു.

| ജില്ല | റവന്യൂ ഡിവിഷണൽ ഓഫീസ് | താലൂക്ക് | ചുമതല നൽകുന്ന ഉദ്യോഗസ്ഥർ |
|---|---|---|---|
| തിരുവനന്തപുരം | തിരുവനന്തപുരം | തിരുവനന്തപുരം | ഡെപ്യൂട്ടി കളക്ടർ (ഡി.എം) |
| | | ചിറയിൻകീഴ് | ഡെപ്യൂട്ടി കളക്ടർ (എൽ.ആർ) |
| | | വർക്കല | ഡെപ്യൂട്ടി കളക്ടർ (ആർ.ആർ) |
| | | നെയ്യാറ്റിൻകര | സബ് കളക്ടർ/ ആർ.ഡി.ഒ. തിരുവനന്തപുരം |
| | നെടുമങ്ങാട് | നെടുമങ്ങാട് | സബ് കളക്ടർ/ ആർ.ഡി.ഒ. , നെടുമങ്ങാട് |
| | | കാട്ടാക്കട | ഡെപ്യൂട്ടി കളക്ടർ (എൽ.എ) |
| | കൊല്ലം | കൊല്ലം | സബ് കളക്ടർ/ ആർ.ഡി.ഒ. , കൊല്ലം |
| | | | ഡെപ്യൂട്ടി കളക്ടർ (ആർ. |

| | | | |
|---|---|---|---|
| കൊല്ലം | | കരുനാഗപ്പള്ളി | [illegible] ആർ) |
| | | കുന്നത്തൂർ | ഡെപ്യൂട്ടി കളക്ടർ (എൽ.എ. ) |
| | പുനലൂർ | കൊട്ടാരക്കര | ഡെപ്യൂട്ടി കളക്ടർ (എൽ.ആർ. ) |
| | | പത്തനാപുരം | |
| | | പുനലൂർ | സബ് കളക്ടർ/ ആർ.ഡി.ഒ. പുനലൂർ |
| പത്തനംതിട്ട | തിരുവല്ല | തിരുവല്ല | സബ് കളക്ടർ/ആർ.ഡി.ഒ. , തിരുവല്ല |
| | | മല്ലപ്പള്ളി | ഡെപ്യൂട്ടി കളക്ടർ (എൽ.എ. ) |
| | | റാന്നി | ഡെപ്യൂട്ടി കളക്ടർ (എൽ. ആർ. ) |
| | അടൂർ | അടൂർ | സബ് കളക്ടർ/ ആർ.ഡി.ഒ. അടൂർ |
| | | കോഴഞ്ചേരി | ഡെപ്യൂട്ടി കളക്ടർ (ആർ. ആർ. ) |
| | | കോന്നി | ഡെപ്യൂട്ടി കളക്ടർ (ഡി. എം. ) |
| | ആലപ്പുഴ | ചേർത്തല | ഡെപ്യൂട്ടി കളക്ടർ (ഡി. എം. ) |
| | | കുട്ടനാട് | സബ് കളക്ടർ/ ആർ.ഡി.ഒ. ആലപ്പുഴ |

| | | | |
|---|---|---|---|
| ആലപ്പുഴ | | അമ്പലപ്പുഴ | ഡെപ്യൂട്ടി കളക്ടർ (എൽ. ആർ. ) |
| | ചെങ്ങന്നൂർ | മാവേലിക്കര | ഡെപ്യൂട്ടി കളക്ടർ (ആർ. ആർ. ) |
| | | കാർത്തികപ്പള്ളി | ഡെപ്യൂട്ടി കളക്ടർ (എൽ.എ. ) |
| | | ചെങ്ങന്നൂർ | സബ് കളക്ടർ/ ആർ.ഡി.ഒ. ചെങ്ങന്നൂർ |
| കോട്ടയം | കോട്ടയം | കോട്ടയം | സബ് കളക്ടർ/ ആർ.ഡി.ഒ. കോട്ടയം |
| | | ചങ്ങനാശ്ശേരി | ഡെപ്യൂട്ടി കളക്ടർ (ആർ. ആർ. ) |
| | | കാഞ്ഞിരപ്പള്ളി | ഡെപ്യൂട്ടി കളക്ടർ (എൽ. ആർ. ) |
| | പാലാ | വൈക്കം | സബ് കളക്ടർ/ ആർ.ഡി.ഒ. പാല |
| | | മീനച്ചിൽ | ഡെപ്യൂട്ടി കളക്ടർ (എൽ.എ. ) |
| ഇടുക്കി | ഇടുക്കി | ഇടുക്കി | ഡെപ്യൂട്ടി കളക്ടർ (ആർ. ആർ. ) |
| | | തൊടുപുഴ | സബ് കളക്ടർ/ ആർ.ഡി.ഒ. ഇടുക്കി |
| | | പീരുമേട് | ഡെപ്യൂട്ടി കളക്ടർ (എൽ. എ. & എൽ. ആർ. ) |

| | | | |
|---|---|---|---|
| | ദേവികുളം | ദേവികുളം | സബ് കളക്ടർ/ ആർ.ഡി.ഒ. ദേവികുളം |
| | | ഉടുംമ്പൻചോല | |
| എറണാകുളം | ഫോർട്ട് കൊച്ചി | കൊച്ചി | സബ് കളക്ടർ/ ആർ.ഡി.ഒ. ഫോർട്ട് കൊച്ചി |
| | | കണയന്നൂർ | ഡെപ്യൂട്ടി കളക്ടർ (ആർ. ആർ. ) |
| | | പറവൂർ | ഡെപ്യൂട്ടി കളക്ടർ (ഡി. എം. ) |
| | | ആലുവ | ഡെപ്യൂട്ടി കളക്ടർ (എൽ.എ. ) |
| | മൂവാറ്റുപുഴ | മൂവാറ്റുപുഴ | സബ് കളക്ടർ/ ആർ.ഡി.ഒ. മൂവാറ്റുപുഴ |
| | | കോതമംഗലം | |
| | | കുന്നത്തുനാട് | ഡെപ്യൂട്ടി കളക്ടർ (എൽ. ആർ. ) |
| | തൃശ്ശൂർ | തൃശ്ശൂർ | ഡെപ്യൂട്ടി കളക്ടർ (ആർ. ആർ. ) |
| | | ചാവക്കാട് | സബ് കളക്ടർ/ ആർ.ഡി.ഒ. തൃശ്ശൂർ |
| | | തലപ്പിള്ളി | ഡെപ്യൂട്ടി കളക്ടർ (ഡി. എം. ) |

| | | | |
|---|---|---|---|
| തൃശ്ശൂർ | | കന്നംകളം | ഡെപ്യൂട്ടി കളക്ടർ (എൽ. ആർ.) |
| | ഇരിങ്ങാലക്കുട | മുകന്ദപുരം | ഡെപ്യൂട്ടി കളക്ടർ (എൽ.എ.) |
| | | കൊടുങ്ങല്ലൂർ | |
| | | ചാലക്കുടി | സബ് കളക്ടർ/ ആർ.ഡി.ഒ. ഇരിങ്ങാലക്കുട |
| പാലക്കാട് | ഒറ്റപ്പാലം | ഒറ്റപ്പാലം | സബ് കളക്ടർ/ ആർ.ഡി.ഒ. ഒറ്റപ്പാലം |
| | | അട്ടപ്പാടി | |
| | | പട്ടാമ്പി | ഡെപ്യൂട്ടി കളക്ടർ (എൽ. ആർ.) |
| | | മണ്ണാർക്കാട് | ഡെപ്യൂട്ടി കളക്ടർ (ആർ. ആർ.) |
| | പാലക്കാട് | ചിറ്റൂർ | |
| | | പാലക്കാട് | സബ് കളക്ടർ/ ആർ.ഡി.ഒ. പാലക്കാട് |
| | | ആലത്തൂർ | ഡെപ്യൂട്ടി കളക്ടർ (എൽ. എ.) |
| | | പെരിന്തൽമണ്ണ | സബ് കളക്ടർ/ ആർ.ഡി.ഒ. പെരിന്തൽമണ്ണ |
| | | [illegible] | ഡെപ്യൂട്ടി കളക്ടർ (എൽ. |

| | | | |
|---|---|---|---|
| മലപ്പുറം | പെരിന്തൽമണ്ണ | ഏറനാട് | ആർ. ) |
| | | നിലമ്പൂർ | ഡെപ്യൂട്ടി കളക്ടർ (ഡി. എം. ) |
| | | കൊണ്ടോട്ടി | |
| | തിരൂർ | തിരൂർ | സബ് കളക്ടർ/ ആർ.ഡി.ഒ. തിരൂർ |
| | | പൊന്നാനി | ഡെപ്യൂട്ടി കളക്ടർ (ആർ. ആർ. ) |
| | | തിരൂരങ്ങാടി | ഡെപ്യൂട്ടി കളക്ടർ (എൽ. എ. ) |
| കോഴിക്കോട് | കോഴിക്കോട് | കോഴിക്കോട് | ഡെപ്യൂട്ടി കളക്ടർ (ആർ. ആർ. ) |
| | | താമരശ്ശേരി | സബ് കളക്ടർ/ ആർ.ഡി.ഒ. കോഴിക്കോട് |
| | വടകര | വടകര | സബ് കളക്ടർ/ ആർ.ഡി.ഒ. വടകര |
| | | കൊയിലാണ്ടി | ഡെപ്യൂട്ടി കളക്ടർ (ഡി. എം. ) |
| വയനാട് | മാനന്തവാടി | മാനന്തവാടി | സബ് കളക്ടർ/ ആർ.ഡി.ഒ. മാനന്തവാടി |
| | | വൈത്തിരി | ഡെപ്യൂട്ടി കളക്ടർ (എൽ.എ. ) |
| | | സുൽത്താൻബത്തേരി | ഡെപ്യൂട്ടി കളക്ടർ (ആർ. |

| | | | |
|---|---|---|---|
| | | | ആർ. ) |
| കണ്ണൂർ | തലശ്ശേരി | തലശ്ശേരി | സബ് കളക്ടർ/ആർ.ഡി.ഒ. തലശ്ശേരി |
| | | ഇരിട്ടി | ഡെപ്യൂട്ടി കളക്ടർ (എൽ.എ. ) |
| | | പയ്യന്നൂർ | ഡെപ്യൂട്ടി കളക്ടർ (ഡി.എം. ) |
| | തളിപ്പറമ്പ | തളിപ്പറമ്പ | സബ് കളക്ടർ/ ആർ.ഡി.ഒ. തളിപ്പറമ്പ |
| | | കണ്ണൂർ | ഡെപ്യൂട്ടി കളക്ടർ (ആർ. ആർ. ) |
| കാസർഗോഡ് | കാഞ്ഞങ്ങാട് | ഹോസ്ദുർഗ് | സബ് കളക്ടർ/ ആർ.ഡി.ഒ. കാഞ്ഞങ്ങാട് |
| | | വെള്ളരിക്കുണ്ട് | ഡെപ്യൂട്ടി കളക്ടർ (എൽ.എ. ) |
| | കാഞ്ഞങ്ങാട് | കാസർഗോഡ് | സബ് കളക്ടർ/ ആർ.ഡി.ഒ. കാസർഗോഡ് |
| | | മഞ്ചേശ്വരം | ഡെപ്യൂട്ടി കളക്ടർ (ആർ. ആർ. ) |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അബ്ദുൾ നാസർ ബി ഐ എ എസ്
അഡിഷണൽ സെക്രട്ടറി

ലാന്റ് റവന്യു കമ്മീഷണർ, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (A & E), കേരളം, തിരുവനന്തപുരം
അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ
കൃഷി (എൻ. സി. എ.) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ)/പ്രസ്സ് റിലീസ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Suchitra S S
സെക്ഷൻ ഓഫീസർ
Date: 27-06-2024 19:49:14

**പകർപ്പ്** : ബഹു.റവന്യൂ ഭവനനിർമ്മാണ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
ബഹു.റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

റവന്യൂ വകുപ്പ് - കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് റവന്യൂ ഡിവിഷണൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുള്ളതായ അധികാരങ്ങൾ വിനിയോഗിക്കുന്നതിന് സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിൽ ഡെപ്യൂട്ടി കളക്ടർമാരെ നിയോഗിച്ചു കൊണ്ട് പുറപ്പെടുവിച്ച 27.06.2024-ലെ സ.ഉ.(അച്ചടി)നം.140/2024/RD ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (പി) വകുപ്പ്

സ.ഉ.(അച്ചടി) നം.142/2024/RD തീയതി,തിരുവനന്തപുരം, 28-06-2024

---

പരാമർശം:-

1. 2023-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം.
2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 12.06.2024, 20.06.2024 തീയതികളിലെ LR/2207/2022-LR(A4) നം. റിപ്പോർട്ട്.
3. 27.06.2024-ലെ സ.ഉ. (അച്ചടി) നം.140/2024/RD സർക്കാർ ഉത്തരവ്.

## ഉത്തരവ്

2008 - ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 2 ഉപവകുപ്പ് (xv എ) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച്, ഭൂമി തരംമാറ്റത്തിനായി നിലവിലുള്ളതും തീർപ്പു കൽപ്പിക്കാനിരിക്കുന്നതും തുടർന്നും ലഭിക്കുന്നതുമായ അപേക്ഷകളുടെ തീർപ്പാക്കൽ ചുമതലകൾക്കായി, സംസ്ഥാനത്തെ വിവിധ താലൂക്കുകളിൽ, ഡെപ്യൂട്ടി കളക്ടർമാരെ നിയോഗിച്ച് പരാമർശം (3) പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് ചുവടെ ചേർത്ത പ്രകാരം ഭേദഗതി വരുത്തിക്കൊണ്ട് ഉത്തരവാകുന്നു.

| ജില്ല | റവന്യൂ ഡിവിഷണൽ ആഫീസ് | താലൂക്ക് | ചുമതല നൽകുന്ന ഉദ്യോഗസ്ഥർ |
|---|---|---|---|
| തൃശ്ശൂർ | ഇരിങ്ങാലക്കുട | മുകുന്ദപുരം | സബ് കളക്ടർ/ ആർ.ഡി.ഒ. ഇരിങ്ങാലക്കുട |
| | | കൊടുങ്ങല്ലൂർ | |
| | | ചാലക്കുടി | ഡെപ്യൂട്ടി കളക്ടർ (എൽ.എ.) |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SINDHU LAL
അണ്ടർ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാരും
എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാരും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (A & E), കേരളം, എറണാകുളം
അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ
കൃഷി (എൻ. സി. എ.) വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്ബ് & ന്യൂ മീഡിയ)/പ്രസ്സ് റിലീസ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Suchitra S S
Date: 28-06-2024 17:38:40
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രിയുടെ പി.എസ്. - ന
ബഹു.റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ. - ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

**2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം - ഭൂമി തരംമാറ്റ അപേക്ഷകൾ തീർപ്പാക്കുന്നതിലെ 27(സി) പ്രകാരമുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനായി സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് നിർദ്ദേശങ്ങൾ നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു .**

---

**റവന്യൂ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.2886/2023/RD    തീയതി,തിരുവനന്തപുരം, 05-08-2023

---

പരാമർശം:-    1. 78-ാമത് ' റവന്യൂ സെക്രട്ടേറിയറ്റ് ' യോഗത്തിന്റെ നടപടിക്കുറിപ്പ് .

2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 15-07-2023-ലെ LR/7434/2023-LR(A4) നം. റിപ്പോർട്ട് .

**ഉത്തരവ്**

2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ഭൂമി തരംമാറ്റ അപേക്ഷകൾ തീർപ്പാക്കുമ്പോൾ, 27(സി) പ്രകാരം സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതുമായി ബന്ധപ്പെട്ട്, പരാമർശം (1) - ലെ 'ഭൂമി തരംമാറ്റം' സംബന്ധിച്ചുള്ള യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ചുവടെ ചേർത്തിട്ടുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു .

2. കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ഭൂമി തരം മാറ്റവുമായി ബന്ധപ്പെട്ട അപേക്ഷകളിലെ, സബ് ഡിവിഷൻ ആവശ്യമില്ലാത്ത കേസുകളിൽ, ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ആഫീസറുടെ നടപടിക്രമം, തഹസിൽദാർ എൻഡോഴ്സ് ചെയ്ത്, വില്ലേജ് ഓഫീസർക്ക് 48 മണിക്കൂറിനകം നൽകി, റവന്യൂ രേഖകളിൽ തരംമാറ്റം വരുത്തേണ്ടതാണ്. സബ് ഡിവിഷൻ ആവശ്യമായിട്ടുള്ള കേസുകളിൽ, റവന്യൂ ഡിവിഷണൽ ആഫീസുകളിൽ നിന്നുമുള്ള ഉത്തരവിനോടൊപ്പം, തരംമാറ്റ അപേക്ഷയിലെ സ്കെച്ച് പകർപ്പ് കൂടി നല്കേണ്ടതാണ്. ഇപ്രകാരം, സബ് ഡിവിഷൻ ആവശ്യമായ കേസുകളിൽ, ഒരാഴ്ചയ്ക്കകം സർവ്വേ നടത്താൻ പറ്റാത്ത താലൂക്കുകളിലെല്ലാം തന്നെ, സബ് ഡിവിഷൻ നമ്പർ ReLIS മുഖേനയുണ്ടാക്കി, റവന്യൂ രേഖകളിൽ മാറ്റം വരുത്തി കരം ഒടുക്കി നൽകേണ്ടതും, സ്കെച്ചിന്റെ പകർപ്പ്, താലൂക്ക് ഓഫീസുകളിലും വില്ലേജ് ഓഫീസുകളിലും, സപ്ലിമെന്ററി അടിസ്ഥാന നികുതി രജിസ്റ്റർ മാതൃകയിൽ, ഫയൽ ചെയ്ത് സൂക്ഷിക്കേണ്ടതുമാണ്. ഇത്തരം കേസുകൾ പിന്നീട് സർവ്വേ നടത്തേണ്ടതും, സർവ്വേ പെൻഡിങ് ആണെന്ന വിവരം, ReLIS - ലും ബന്ധപ്പെട്ട രജിസ്റ്ററുകളിലും രേഖപ്പെടുത്തേണ്ടതുമാണ്.

3. മേൽ പ്രകാരമുള്ള നടപടിക്രമങ്ങൾ സംബന്ധിച്ച, പരാമർശം (2) പ്രകാരമുള്ള റിപ്പോർട്ടിലെ വസ്തുതകൾ വ്യക്തമാക്കിക്കൊണ്ട്, ലാൻഡ് റവന്യൂ കമ്മീഷണർ, വിശദമായ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ (SOP) പ്രസിദ്ധീകരിക്കേണ്ടതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അബ്ദുൾ നാസർ ബി ഐ എ എസ്
അഡിഷണൽ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കും
കൃഷി വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കണ്ടന്റ് ജനറൽ (A & E), കേരളം, തിരുവനന്തപുരം.
ഐ & പി.ആർ.ഡി വകുപ്പ് - (വിപുലമായ പ്രചാരണത്തിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Kadeeja A A
Date: 05-08-2023 13:38:42
സെക്ഷൻ ഓഫീസർ

ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസ് - ന്
ബഹു. റവന്യൂ വകപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ - യ്ക്ക്

©
**കേരള സർക്കാർ**
Government of Kerala
2024

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| **വാല്യം 13** Vol. XIII | **തിരുവനന്തപുരം, വെള്ളി** Thiruvananthapuram, Friday | **2024 ജൂൺ 07** 07th June 2024 **1199 ഇടവം 24** 24th Idavam 1199 **1946 ജ്യേഷ്ഠം 17** 17th Jyaishta 1946 | **നമ്പർ** No. **1826** |

**കേരള സർക്കാർ**

നിയമ (നിയമനിർമ്മാണം-ബി) വകുപ്പ്

വിജ്ഞാപനം

നമ്പർ 54/ലെഗ്.ബി2/2023/നിയമം.

*തിരുവനന്തപുരം, 2024 ജൂൺ 7*
*1199 ഇടവം 24*
*1946 ജ്യേഷ്ഠം 17.*

കേരള സംസ്ഥാന നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2024 ഏപ്രിൽ 26-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. ജി. സനൽകുമാർ,
*നിയമ സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## 2024-ലെ 12-ാം ആക്റ്റ്

## 2023-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്റ്റ്

2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ

ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിനാലാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2023-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റിലെ (2008-ലെ 28) 2-ാം വകുപ്പിൽ (xv)-ാം ഖണ്ഡത്തിനു ശേഷം, താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(xv എ) "റവന്യു ഡിവിഷണൽ ഓഫീസർ" എന്നാൽ സർക്കാർ റവന്യു ഡിവിഷണൽ ഓഫീസർമാരായി നിയമിക്കുന്ന ഉദ്യോഗസ്ഥർ എന്നർത്ഥമാകുന്നതും അതിൽ ഈ ആക്റ്റ് പ്രകാരമുള്ള ഏതെങ്കിലുമോ എല്ലാമോ അധികാരങ്ങൾ വിനിയോഗിക്കുന്നതിന് സർക്കാർ പൊതുവായോ പ്രത്യേകമായോ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തുന്ന ഡെപ്യൂട്ടി കളക്ടറുടെ പദവിയിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥരും ഉൾപ്പെടുന്നതുമാണ്.".

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# GOVERNMENT OF KERALA

## **Law (Legislation-B) Department**

## NOTIFICATION

No. 54/Leg.B1/2023/Law.

*Dated, Thiruvananthapuram, 7th June, 2024*
*24th Idavam, 1199*
*17th Jyaishta, 1946.*

In pursuance of clause (3) of Article 348 of the Constitution of India, the Governor is pleased to authorise the publication in the Gazette of the following translation in English language of the Kerala Conservation of Paddy Land and Wetland (Amendment) Act, 2023 (12 of 2024).

By order of the Governor,

K. G. SANAL KUMAR,
*Law Secretary.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

[Translation in English of "2023-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്റ്റ്" published under the authority of the Governor.]

## ACT 12 OF 2024

## THE KERALA CONSERVATION OF PADDY LAND AND WETLAND (AMENDMENT) ACT, 2023

*An Act further to amend the Kerala Conservation of Paddy Land and Wetland Act, 2008.*

*Preamble*.—WHEREAS, it is expedient further to amend the Kerala Conservation of Paddy Land and Wetland Act, 2008 for the purposes hereinafter appearing;

BE it enacted in the Seventy-fourth Year of the Republic of India as follows—

1. *Short title and commencement*.—(1) This Act may be called the Kerala Conservation of Paddy Land and Wetland (Amendment) Act, 2023.

(2) It shall come into force at once.

2. *Amendment of section 2*.—In the Kerala Conservation of Paddy Land and Wetland Act, 2008 (28 of 2008), in section 2 after clause (xv), the following clause shall be inserted, namely:—

"(xv A) "Revenue Divisional Officer" means the officer appointed by the Government as Revenue Divisional Officer and includes the officers not below the rank of Deputy Collector authorized by the Government, by general or special order, for performing all or any of the functions under this Act;".

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2024.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2024.06.07 10:12:58 +05:30

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.REV-P1/240/2022-REV
റവന്യൂ (പി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 19-09-2022

## സർക്കുലർ

വിഷയം:- കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - വകുപ്പ് 27എ (6) പ്രകാരമുള്ള അനുമതി - പൊതു നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

സൂചന:- പൊതു ജനങ്ങളിൽ നിന്നും ലഭിച്ച നിവേദനങ്ങൾ.

2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയിൽ, വകുപ്പ് 27എ(6)-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതു പ്രകാരം, 120 ച.മീ വിസ്തൃതിയിലുള്ള കെട്ടിടം നിർമ്മിക്കുവാനുള്ള അനുമതി ലഭിക്കുന്നില്ലെന്നും, ആയതിനാൽ ടി വിഷയം സംബന്ധിച്ച് ഒരു പൊതു നിർദ്ദേശം പുറപ്പെടുവിക്കണമെന്നും ആവശ്യപ്പെട്ടു കൊണ്ട്, സൂചന പ്രകാരം ലഭിച്ച നിവേദനങ്ങളുടെ പശ്ചാത്തലത്തിൽ, ആയതു സംബന്ധിച്ച് ചുവടെ ചേർത്തിട്ടുള്ള പൊതു നിർദ്ദേശം പുറപ്പെടുവിക്കുന്നു.

അപേക്ഷകരുടെ കൈവശമുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ വിസ്തീർണ്ണം എത്രതന്നെ ആയിരുന്നാലും, പരമാവധി 4.04 ആർ വിസ്തൃതിയിലുള്ള ഭൂമിയിൽ 120 ചതുരശ്രമീറ്റർ വിസ്തീർണ്ണമുള്ള ഒരു വീട് നിർമ്മിക്കുന്നതിനായി, കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 27(എ) പ്രകാരമുള്ള യാതൊരു അനുമതിയും ആവശ്യമില്ലാത്തതാണ്. എന്നാൽ ഇപ്രകാരം ഇളവ് ലഭിക്കുന്ന ഭൂമിക്ക്, റവന്യൂ രേഖകളിൽ തരം മാറ്റം/ സ്വഭാവവ്യതിയാനം വരുത്തേണ്ടതുണ്ടെങ്കിൽ, അപേക്ഷകർ ചട്ടപ്രകാരമുള്ള ഫീസടക്കാൻ ബാദ്ധ്യസ്ഥരാണ്.

ഉത്തരവിൻ പ്രകാരം

ABDUL NASAR B I A S
ADDITIONAL SECRETARY

സെക്ഷൻ ഓഫീസർ.

പകർപ്പ്

1. കമ്മീഷണർ, ലാൻഡ് റവന്യൂ
2. എല്ലാ ജില്ലാ കളക്ടർമാർക്കും
3. എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കും
4. കൃഷി വകുപ്പ്
5. തദ്ദേശസ്വയംഭരണ വകുപ്പ്

Signed by Kadeeja A A
Date: 20-09-2022 12:06:15

6. വിവരവും പൊതുജന സമ്പർക്കവും വകുപ്പ്

7. വെബ് & ന്യൂ മീഡിയ / പ്രസ്സ് റിലീസ് (വിപുലമായ പ്രചാരണത്തിന്)

8. കരുതൽ ഫയൽ / ഓഫീസ് കോപ്പി